STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.219/PR/SPMC/PHQ/2022 Date: 26.10.2022

# പോലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ പരിഹരിക്കാൻ പോലീസ് സഭ നടത്തും

പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധമായതും വ്യക്തിപരവുമായ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർ വിവിധ കേന്ദ്രങ്ങളിൽ പോലീസ് സഭ നടത്തും. ഇതിന് ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ജില്ലാ പോലീസ് മേധാവിമാർക്ക് നൽകി.

പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ, ശമ്പളം, പെൻഷൻ എന്നിവ കൂടാതെ വ്യക്തിപരമായ പരാതികളും ജില്ലാ പോലീസ് മേധാവിമാർ സഭയിൽ പരിഗണിക്കും. പരാതികളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ ആവശ്യമായ നടപടി ജില്ലാ പോലീസ് മേധാവിമാർ സ്വീകരിക്കും.

പോലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ പരിഗണിക്കുന്നതിന് സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ എല്ലാ ആഴ്ചയും പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടു. റെയ്ഞ്ച് ഡി.ഐ.ജിമാരും സോണൽ ഐ.ജിമാരും ഈ നടപടികളുടെ ഏകോപനച്ചുമതല നിർവ്വഹിക്കും.

********************